ഇത്തരത്തിൽ തൊഴിലില്ലാതായവരുടെ ഭാഗത്തുനിന്നുള്ള ഡിമാന്റ് പിന്നെയും കുറയുകയും അത് കൂടുതൽ സംരംഭങ്ങളെ അടച്ചുപൂട്ടലിലേക്ക് നയിക്കുകയും ചെയ്യുന്നു. അതിലൂടെ തൊഴിലില്ലായ്മ വീണ്ടും കൂടും.

ഇന്ത്യയിൽ ഇത്തരത്തിലുള്ള വിവിധ പ്രഹരങ്ങൾ ആദ്യം അസംഘടിത മേഖലയിലാണ് പ്രകടമാകുകയെങ്കിലും ക്രമേണ അത് സംഘടിത മേഖലയേയും ബാധിക്കും. അസംഘടിത മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ട വലിയ വിഭാഗം ആളുകളുടെ ഭാഗത്തുനിന്നുള്ള ഡിമാന്റ് കുറയുമ്പോൾ അത് സംഘടിത മേഖലയിലടക്കമുള്ള റീറ്റെയ്‌ലേഴ്സ്, വിതരണക്കാർ, ഉത്പ്പാദകർ, സപ്ലയേഴ്സ് തുടങ്ങിയവരെയും ബാധിക്കുന്നു. ഇത്, സംഘടിത മേഖലയിലെ പല ദുർബല സംരംഭങ്ങളുടെയും അടച്ചുപൂട്ടലിന് കാരണമാകുന്നു.

അസംഘടിത മേഖലയിലുണ്ടാകുന്ന മാന്ദ്യം സംഘടിത മേഖലയിലും വലിയ സാമ്പത്തിക മുരടിപ്പ് ഉണ്ടാക്കുന്നു. ഇതിലൂടെ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടൽ, ശമ്പളം വൈകൽ പോലുള്ള പ്രശ്നങ്ങൾ തുടങ്ങുന്നു.

എന്താണ് ശരിയായ ചികിത്സ?

ഇന്ത്യയിൽ മൾട്ടി ഷോക്ക് ഡിമാന്റ് മാന്ദ്യം പ്രതിരോധിക്കാനുള്ള ഏറ്റവും മികച്ച മാർഗം രാജ്യത്തെ വലിയ വിഭാഗം ദരിദ്ര ജനങ്ങൾക്ക് കൂടുതൽ വരുമാനം ലഭ്യമാക്കി ഡിമാന്റ് വേഗത്തിൽ വർധിപ്പിക്കുക എന്നതാണ്.

ഇക്കാരണം കൊണ്ടുതന്നെ, വരുമാനം കുറഞ്ഞ, ദരിദ്രരായ ആളുകൾ അവർക്ക് ലഭിക്കുന്ന അധിക വരുമാനം മുഴുവൻ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം തുടങ്ങിയ കാര്യങ്ങൾക്കായി ചെലവിടുമെന്നതിനാൽ ഡിമാന്റ് വർധിക്കുന്നു. എണ്ണത്തിൽ കൂടുതലുള്ള ദരിദ്ര ജനങ്ങളുടെ വരുമാനം വർധിപ്പിക്കാൻ കഴിവുള്ള ഒരേയൊരു സ്ഥാപനം കേന്ദ്ര സർക്കാരാണ്. ദരിദ്ര ജനങ്ങൾ ഉൾക്കൊള്ളുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതി (എംജിഎൻആർഇജിഎസ്), പിഎം കിസാൻ തുടങ്ങിയ സാമൂഹ്യ പദ്ധതികളിലുള്ള ചെലവഴിക്കൽ കാര്യമായി വർധിപ്പിച്ച് കേന്ദ്ര സർക്കാരിന് അത് ചെയ്യാനാവും.

കുറച്ചു വർഷം ഇതു ചെയ്താൽ ഡിമാന്റ് ഉയരുകയും കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുകയും അതിലൂടെ വീണ്ടും ഡിമാന്റ് കൂടുകയും ചെയ്യും.

ദരിദ്ര ജനങ്ങൾക്ക് ആവശ്യമായ വരുമാനം ലഭ്യമാക്കാൻ തൊഴിലുറപ്പ്, പിഎം കിസാൻ പോലുള്ള പദ്ധതികളിൽ സർക്കാർ എത്ര തുക ചെലവഴിക്കണം?

കഴിഞ്ഞ സാമ്പത്തിക വർഷം 13 കോടി കുടുംബങ്ങൾ രജിസ്റ്റർ ചെയ്തതിൽ 5 കോടി കുടുംബങ്ങൾക്ക് മാത്രമാണ് ശരാശരി 50 ദിവസമെങ്കിലും 180 രൂപ പ്രതിദിന വേതനം ലഭിക്കുന്നതെന്നാണ് സർക്കാർ രേഖകൾ വ്യക്തമാക്കുന്നത്. മാർക്കറ്റ് നിരക്കിൽ വേതനവും (പ്രതിദിനം 360 രൂപ) ആവശ്യത്തിന് തൊഴിൽ ദിനങ്ങളും (100 ദിവസം) അർഹരായ 13 കോടി കുടുംബങ്ങൾക്ക് ലഭ്യമാക്കണമെങ്കിൽ ഇന്നുള്ളതിന്റെ എട്ടു മടങ്ങ് കൂടുതൽ ചെലവിടണം.

മുകളിൽ കാണിച്ചിരിക്കുന്ന കണക്കു പ്രകാരം, ദരിദ്രരായ ജനങ്ങൾ എല്ലാം ഉൾപ്പെടണമെങ്കിൽ കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിക്കായി ചുരുങ്ങിയത് 4.8 ലക്ഷം കോടി രൂപയെങ്കിലും ചെലവഴിക്കണം.

രാജ്യത്തെ 12 കോടി കർഷകരെ ഉൾക്കൊള്ളുന്ന പദ്ധതിയാണ് പിഎം കിസാൻ. ഇതിലൂടെ ഓരോ വർഷം 6000 രൂപ കർഷകർക്ക് നൽകുന്ന 75000 കോടിയുടെ പദ്ധതിയാണിത്. 2019 നവംബർ മുതൽ 12 മാസക്കാലം കൊണ്ട്, ഈ പദ്ധതിക്ക് കീഴിൽ എട്ടു കോടി കർഷകർക്കായി 43000 കോടി രൂപയോളം കേന്ദ്ര സർക്കാർ ചെലവഴിച്ചു. എന്നാൽ പദ്ധതി പൂർണമായി നടപ്പാക്കണമെങ്കിൽ ഓരോ വർഷവും 32000 കോടി രൂപ അധികമായി ചെലവഴിക്കണം. ഇത്തരത്തിലുള്ള സാമൂഹ്യ പദ്ധതികളിൽ കൂടുതലായി ചെലവഴിക്കേണ്ട തുക വളരെ വലുതാണെന്ന് തോന്നുമെങ്കിലും (പ്രതിവർഷം 4.52 ലക്ഷം കോടി രൂപ അധികമായി ചെലവിടേണ്ടത്) കേന്ദ്ര സർക്കാരിന്റെ മറ്റു ചില പ്രഖ്യാപനങ്ങളുമായി ഇതിനെ ഒന്നു താരതമ്യം ചെയ്തു നോക്കാം.

Figure 3: Revenue Shortfall FY 20



Source: Controller General of Accounts
Note: Numbers are for April-November period

തെറ്റായ ചികിത്സ

ഈ സാഹചര്യത്തെ മറികടക്കാൻ കേന്ദ്ര സർക്കാർ എടുത്തിരിക്കുന്ന നടപടിയെന്താണ്?

ദൗർഭാഗ്യവശാൽ, സമ്പദ്‌വ്യവസ്ഥയ്ക്ക് തെറ്റായ ചികിത്സയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 2019 സെപ്റ്റംബറിൽ കേന്ദ്ര സർക്കാർ കോർപ്പറേറ്റുകൾക്കായി വലിയൊരു നികുതിയിളവ് പ്രഖ്യാപിച്ചു. പ്രതിവർഷം 1.45 ലക്ഷം കോടി രൂപയുടെ വരുമാന നഷ്ടത്തിനാണ് ഇത് ഇടവരുത്തുക.

നടപ്പ് സാമ്പത്തിക വർഷത്തിന്റെ അവസാനം, ബാങ്കുകളെ റീകാപിറ്റലൈസ് ചെയ്യുന്നതിനായി 2.91 ലക്ഷം കോടി രൂപ ചെലവഴിക്കാനിരിക്കുകയാണ്. ഫിഗർ 1 കാണുക.

ഇവയെല്ലാം സപ്ലൈ സൈഡ് മാന്ദ്യം പരിഹരിക്കുന്നതിനുള്ള നടപടികളാണ്. അതുകൊണ്ടു തന്നെ ഫലപ്രദമല്ല. ഉദാഹരണത്തിന്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡാറ്റ പ്രകാരം, നിർമാണ മേഖലയിലെ ഉത്പ്പാദനശേഷിയുടെ വിനിയോഗം 68.9 ശതമാനമാണ്. 2008 മുതൽ എടുത്താൽ ഏറ്റവും കുറഞ്ഞ നിലയാണിത്. ഡിമാന്റിലെ ഇടിവാണ് ഇതിനു കാരണം. ഫിഗർ 2 നോക്കുക.

ഉത്പ്പാദന ശേഷി വിനിയോഗം കുറഞ്ഞ വ്യവസായം നടത്തുന്ന സംരംഭകൻ നികുതിയിളവിലൂടെ ലഭിച്ച തുക ഉത്പ്പാദന ശേഷി വർധിപ്പിക്കുന്നതിനായി ഉപയോഗിക്കുമോ?

സമാനമായി, ബാങ്കുകൾ വായ്പ നൽകാൻ തയാറായാൽ തന്നെ ഡിമാന്റ് കുറഞ്ഞ അവസ്ഥയിൽ ഈ സംരംഭകൻ വായ്പയെടുക്കുകയും സംരംഭം വിപുലീകരിക്കുകയും ചെയ്യാൻ തയാറാകുമോ?

ഡിമാന്റ് ഉയർന്നില്ലെങ്കിൽ പലപ്പോഴും സപ്ലൈ സൈഡ് മെച്ചപ്പെടുത്താനുള്ള നടപടികൾ കൊണ്ട് ഫലം ഉണ്ടാകില്ല. ഡിമാന്റ് ഉയർന്നു തുടങ്ങിയാൽ സപ്ലൈ സൈഡ് നടപടികൾ ആവശ്യവുമാണ്.

കേന്ദ്ര സർക്കാർ കുതിരയെയല്ല, വണ്ടിയെയാണ് മുന്നിൽ കെട്ടിയിരിക്കുന്നത് എന്നാണ് എന്റെ തോന്നൽ. ഡിമാന്റ് വർധിപ്പിക്കുന്നതിനായി ഡിമാന്റ് സൈഡ് നടപടികൾ നടപ്പിലാക്കിയ ശേഷം സപ്ലൈ സൈഡ് നടപടികൾ കൈക്കൊള്ളുന്നതിനു പകരം സപ്ലൈ സൈഡ് നടപടികളാണ് സർക്കാർ ആദ്യം ചെയ്യുന്നത്.

കാര്യക്ഷമമല്ലാത്ത ഈ നടപടികളിലൂടെ, ഫിഗർ 3 ൽ കാണിച്ചിരിക്കുന്നതു പോലെ വരുമാനക്കുറവ് നേരിടുന്നതിനാൽ ആവശ്യമായ നടപടികൾ എടുക്കുന്നതിനുള്ള സാമ്പത്തികം ഇല്ലെന്ന് ഉറപ്പാക്കുകയാണ് സർക്കാർ എന്നതാണ് സംഭവിച്ചിരിക്കുന്ന മറ്റൊരു കാര്യം.

ബജറ്റിൽ എന്തുണ്ട്?

ഇനി ബജറ്റിൽ എന്താണ് ശരിക്കും പ്രഖ്യാപിച്ചിരിക്കുന്നതെന്ന് നോക്കാം.

ധനപരമായ മുൻകരുതലിൽ ഉറച്ചു നിൽക്കാൻ തീരുമാനിച്ച സർക്കാർ 2019–20 ൽ 3.8 ശതമാനവും 2020–21 ൽ 3.5 ശതമാനവും ധനകമ്മി ലക്ഷ്യമിടുന്നു. സമ്മർദ സമയങ്ങളിൽ ധനക്കമ്മി 0.5% വർധിപ്പിക്കാനായി ഗവൺമെന്റ് ഓഫ് ഇന്ത്യ എഫ്ആർബിഎം നിയമത്തിലെ 'എസ്കേപ്പ് ക്ലോസ്' ഉപയോഗിച്ചു. 2020 സാമ്പത്തിക വർഷത്തെ ലക്ഷ്യം 3.3 ശതമാനവും 2021 സാമ്പത്തിക വർഷത്തിലേത് 3 ശതമാനവുമായിരുന്നു. അതിനാൽ ഗവൺമെന്റ് ഇവ രണ്ടും 0.5% ശതമാനം വർധിപ്പിച്ച് യഥാക്രമം 3.8%, 3.5% ആക്കി.

പാർലമെന്റിൽ ഗവൺമെന്റിന് വ്യക്തമായ ഭൂരിപക്ഷമുള്ളതിനാൽ, വളരെ എളുപ്പത്തിൽ ആവശ്യമായ തുകയിലേക്ക് കമ്മി വർധിപ്പിക്കുന്നതിന് എഫ്ആർഎംബി നിയമത്തിൽ ഭേദഗതി വരുത്താൻ സാധിക്കുമായിരുന്നു. അങ്ങനെ ചെയ്യാതിരുന്നതിലൂടെയും എഫ്ആർബിഎം ആക്ടിന്റെ ചിറകിൽ അഭയം തേടിയതിലൂടെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനുള്ള വൻതോതിലുള്ള ചെലവിടൽ രീതിയില്ല മറിച്ച് യാഥാസ്ഥിതികമായ നിലപാടുകളാണ് സർക്കാരിന്റേതെന്ന് തെളിഞ്ഞിരിക്കുകയാണ്. ഈ മനോഭാവത്തിന്റെ ഫലമായി, 2020–21 വർഷത്തേക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 61,500 കോടി രൂപ മാത്രമാണ് സർക്കാർ അനുവദിച്ചിരിക്കുന്നത്. 2019–20 വർഷത്തിൽ കണക്കാക്കിയിരിക്കുന്ന 71,001.81 കോടി രൂപയേക്കാൾ 13 ശതമാനത്തിലേറെ കുറവാണിത്.

പദ്ധതി പ്രകാരം ഓരോ വർഷവും ചെലവിടണമെന്ന് നേരത്തെ നിർദേശിച്ച 4.8 ലക്ഷം രൂപയേക്കാൾ വളരെ കുറഞ്ഞ തുകയാണിത്. സമാനമായി, ഈ സാമ്പത്തിക വർഷത്തിലേക്ക് പി എം കിസാൻ പദ്ധതിക്കായി 54,370.15 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. 75000 കോടി രൂപയെന്ന എന്റെ ശുപാർശയേക്കാൾ 27.5 ശതമാനം കുറവാണിത്.

അടിസ്ഥാന സൗകര്യ മേഖലയ്ക്കായി വരും വർഷങ്ങളിൽ 103 കോടി രൂപ

Lijan, Green Energy Partner
Turbo Roof Ventilator
Roof Cool Heat Reflection Sheet
Sand Trap Louver
Solar Sky Tube
100% Electricity Free
Maintenance Free
Carbon Emision Free
Heat Reduction Products
Lijan Greentech®
INDIA PRIVATE LIMITED
A6-Inkel Tower-1, Angamaly, Cochin - 683573
Tel: Office - 0484 245 80 30
Mob: **+91 960 513 6600** **+91 960 514 6600**
e-mail: sales@lijangreentech.com **www.lijangreentech.com**